**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 258** **12-01-2021 - ൽ മറുപടിയ്ക്ക്**

**ആർദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി കെ പ്രശാന്ത് | | **Smt. K. K .Shailaja Teacher**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതി പ്രകാരം ഏതൊക്കെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളാണ് കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളത്; | (എ) | വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിൽ ആർദ്രം പദ്ധതി പ്രകാരം വട്ടിയൂർക്കാവ് പ്രാഥമികാരോഗ്യ കേന്ദ്രം, ചെട്ടിവിളാകം പ്രാഥമികാരോഗ്യ കേന്ദ്രം എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളത്. മൂന്നാം ഘട്ടത്തിൽ പാലസ് ഡിസ്പെൻസറി, കവടിയാർ പരിവർത്തനം ചെയ്തിട്ടുണ്ട്. |
| (ബി) | കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങളിൽ എന്തൊക്കെ അധികസൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്; | (ബി) | ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട, കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ കേന്ദ്രങ്ങളിൽ രാവിലെ 9 മുതൽ വൈകുന്നേരം 6 മണി വരെ ഒ.പി പ്രവർത്തിക്കുന്നുണ്ട്. ആസ്ത്മ, മാനസിക ആരോഗ്യ പരിചരണത്തിനുള്ള ശ്വാസ്, ആശ്വാസ് ക്ലിനിക്കുകൾ എന്നിവയുടെ സേവനങ്ങൾ ലഭ്യമാണ്. കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ സ്ഥാപനങ്ങൾ ഇ-ഹെൽത്ത് സംവിധാനത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിനോടനുബന്ധിച്ച് ടോക്കൺ സിസ്റ്റം അഡ്വാൻസ് ബുക്കിംഗ് എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഏതൊക്കെ ജീവനക്കാരുടെ തസ്തികകളാണ് അധികമായി സൃഷ്ടിച്ചിട്ടുള്ളത്; വിശദമാക്കാമോ? | (സി) | വട്ടിയൂർക്കാവ് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 1 ഡോക്ടർ, 2 സ്റ്റാഫ് നഴ്സ്, 1 ലാബ് ടെക്നീഷ്യൻ, 1 ഫാർമസിസ്റ്റ് എന്നീ തസ്തികകളും, ചെട്ടിവിളാകം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ 1 ഡോക്ടർ, 2 സ്റ്റാഫ് നഴ്സ് എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ